നം. ജെ. 2114/19

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ.പി.ഒ.,
തിരുവനന്തപുരം-3
തീയതി : 09/10/2019.

## ദർഘാസ് നോട്ടീസ്

കവടിയാറിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമായ ഫാം ഇൻഫർമേഷൻ ബ്യൂറോ 2019 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിൽ പ്രഗതി മൈതാനിയിൽ വച്ചു നടക്കുന്ന ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ പങ്കെടുക്കുന്നുണ്ട്. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പവലിയൻ / സ്റ്റാൾ നിർമ്മിക്കുന്നതിനും കമനീയമായി മോടി പിടിപ്പിക്കുന്നതിനും അനുബന്ധജോലികൾ ചെയ്യുന്നതിനും മുദ്രവച്ച ദർഘാസുകൾ ന്യൂഡൽഹിയിൽ പവലിയന്റെ / സ്റ്റാളുകളുകളുടെ നിർമ്മാണം ഏറ്റെടുത്ത് ചെയ്തിട്ടുള്ള പ്രഗത്ഭരിൽ നിന്നും ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ദർഘാസുകൾ ടു കവർ സിസ്റ്റം (ടെക്നിക്കൽ ബിഡും പ്രൈസ് ബിഡും) മാതൃകയിലാണ് സ്വീകരിക്കുന്നത്. മേൽ സൂചിപ്പിച്ച ടെക്നിക്കൽ ബിഡും പ്രൈസ് ബിഡും ആയവയുടെ പേരുകൾ പ്രസ്തുത കവറുകളുടെ മുകളിലായി രേഖപ്പെടുത്തി ഒരു കവറിലാക്കി സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ കവടിയാറിലുള്ള ഓഫീസിൽ നിന്നും പ്രവൃത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്.

| | |
|---|---|
| അടങ്കൽ തുക | – 300000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) |
| നിരതദ്രവ്യം | – 7500 /- രൂപ (പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ. പി.ഒ, തിരുവനന്തപുരം-3 എന്ന വിലാസത്തിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്) |
| ദർഘാസ് ഫോറത്തിന്റെ വില | |
| അസ്സൽ | – 600/- രൂപ +GST (12%) |
| ഡ്യൂപ്ലിക്കേറ്റ് | – 300/- രൂപ +GST (12%) |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാന തീയതിയും, സമയവും | – 26.10.2019 പകൽ 12 മണി വരെ |
| ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും, സമയവും | – 26.10.2019 വൈകുന്നേരം 5 മണി വരെ |
| ദർഘാസ് (ടെക്നിക്കൽ ബിഡ്) തുറക്കുന്ന തീയതിയും, സമയവും | – 28.10.2019 പകൽ 11 മണി |
| ദർഘാസ് (ഫിനാൻഷ്യൽ ബിഡ്) തുറക്കുന്ന തീയതിയും, സമയവും | – 28.10.2019 പകൽ 11.30 മണി |

## ടെണ്ടർ നോട്ട്

ഭാരത അന്താരാഷ്ട്ര വ്യാപാരമേളയുടെ ഈ വർഷത്തെ വിഷയം 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' എന്നതാണ്. അതിനെ ആധാരമാക്കി "കാർഷിക വ്യവസായ രംഗത്തുള്ള സാധ്യത ഉയർത്തി കേരളത്തിലെ ഭൗമസൂചിക ഉത്പന്നങ്ങൾ" എന്ന ആശയം മുൻനിർത്തിയാണ് സ്റ്റാൾ നിർമ്മിക്കുന്നത്. ടു കവർ സിസ്റ്റം (ടെക്നിക്കൽ ബിഡ് & പ്രൈസ് ബിഡ്) മാതൃകയിലാണ് ദർഘാസുകൾ സ്വീകരിക്കുന്നത്. പ്രസ്തുത തീമിന്റെ അടിസ്ഥാനത്തിലുള്ള സ്റ്റാൾ ഡിസൈനിന്റെ വിശദമായ 2 ഡി ഡ്രായിംഗും, സാങ്കേതിക യോഗ്യത തെളിയിക്കുന്ന രേഖകളുമാണ് ടെക്നിക്കൽ കവറിൽ ഉൾപ്പെടുത്തേണ്ടത്. പ്രസ്തുത ടെക്നിക്കൽ കവറുകൾ ആദ്യം പരിശോധിക്കുന്നതും അതിൽ നിന്നും ടെക്നിക്കൽ കമ്മിറ്റി തെരെഞ്ഞെടുക്കപ്പെടുന്നവരുടെ മാത്രം തുക രേഖപ്പെടുത്തിയ ദർഘാസുകൾ പരിശോധിക്കുന്നതും ടി ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതുമാണ്. ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുമ്പോൾ സമർപ്പിച്ചിട്ടുള്ള 2 ഡി ഡ്രായിംഗിന്റെ സാങ്കേതിക മികവും ഗുണമേന്മയും ആകർഷണീയതയും കൂടാതെ കരാറുകാരന്റെ മുൻപരിചയവും വിലയിരുത്തിയായിരിക്കും കരാറുകാരെ തെരെഞ്ഞെടുക്കുന്നത്.

### കരാറുകാരനുണ്ടായിരിക്കേണ്ട സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും

ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ കേരള പവലിയനോ സ്റ്റാളോ രണ്ടുമോ ഒരുക്കിയ ഒരു ആളായിരിയ്ക്കണം. പ്രസ്തുത ജോലികൾ കേരള സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി ചെയ്തതതായിരിക്കണം. മേൽ സൂചിപ്പിച്ച ജോലികളുടെ വർക്ക് ഓർഡർ, കരാർ, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലുമോ എല്ലാമോ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

### ടെക്നിക്കൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ടെക്നിക്കൽ ബിഡിൽ കരാറുകാരന്റെ സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. പ്രസ്തുത സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്താത്ത ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുന്നതല്ല. മേൽപ്പറഞ്ഞ രീതിയിൽ സമർപ്പിച്ച സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾക്കുള്ള ആധികാരികത പരിശോധനാ വിധേയമാക്കുന്നതാണ്. കൂടാതെ കരാറുകാരന്റെ മുൻപരിചയം തെളിക്കുന്ന രേഖകളും ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.
2) കരാറുകാരൻ ടെക്നിക്കൽ ബിഡിനൊപ്പം സ്റ്റാൾ ഡിസൈനിന്റെയും ലേ ഔട്ടിന്റെയും വിശദമായ 2 ഡി ഡ്രായിംഗ് സമർപ്പിക്കേണ്ടതാണ്. കരാറുകാരൻ ടിയാന്റെ സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ച് സ്റ്റാൾ വളരെ ആകർഷകവും വിജ്ഞാനപ്രദവുമായ രീതിയിൽ ആവശ്യമായ പ്രകാശശബ്ദ സംവിധാനത്തോടെ ഒരുക്കേണ്ടതാണ്. പ്രസ്തുത സ്റ്റാൾ കൂടുതൽ ആകർഷകവും സമ്മാനാർഹമായ രീതിയിലും ഒരുക്കാൻ കരാറുകാരൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) സ്റ്റാൾ ഡിസൈന് ആവശ്യമായ ലോഗോയും മറ്റു വിവരങ്ങളും ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്നതാണ്. എന്നാൽ കരാറുകാരൻ സ്റ്റാൾ ഡിസൈനിംഗിനായി കൂടുതൽ വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേണ്ടതും ആയത് പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസറുടെ അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കേണ്ടതുമാണ്.

4) കരാറുകാരൻ സമർപ്പിക്കുന്ന 2 ഡി ഡ്രായിംഗിൽ 3 ഡി മോഡലുകൾ ഉൾപ്പെടുത്തുന്ന സ്ഥലങ്ങൾ പ്രത്യേകം മാർക്ക് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.

<u>നിബന്ധനകൾ</u>

1. 6 മീറ്റർ വിസ്തീർണ്ണത്തിലും 3 മീറ്റർ ഉയരത്തിലുമാണ് ഫാം ഇൻഫർമേഷൻ ബ്യൂറോ പവിലിയൻ സജ്ജീകരിക്കേണ്ടത്. ഏതെങ്കിലും സാഹചര്യത്തിൽ പവലിയന്റെ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തേണ്ടിവന്നാൽ അത്തരത്തിൽ ജോലികൾ ടെൻഡറിൽ നിജപ്പെടുത്തി പൂർത്തിയാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.
2. മേളയിൽ പ്രദർശിപ്പിക്കുന്നതിന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഫാം ഇൻഫർമേഷൻ ബ്യൂറോ ശേഖരിച്ച് നൽകുന്ന വസ്തുക്കൾ ന്യൂഡൽഹിയിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ പവലിയനിൽ എത്തിച്ച് കമനീയമായി കേരള ശൈലിയിൽ ഡിസ്പ്ലേ ചെയ്യുന്നതിന് ഉചിതമായ സംവിധാനം ഒരുക്കേണ്ടതാണ്.
3. ഇതു സംബന്ധിച്ച് ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും നൽകുന്ന ഫോട്ടോകൾ പ്രദർശിപ്പിക്കേണ്ടതാണ്.
4. പവിലിയനിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ ബ്രോഷറുകൾ, ബുക്ക്ലെറ്റുകൾ പ്രസിദ്ധീകരണങ്ങൾ എന്നിവ വയ്ക്കുന്നതിനും ഒരു Help Desk പ്രവർത്തിപ്പിക്കുന്നതിനും സൗകര്യം ചെയ്യേണ്ടതാണ്.
5. കേരള സർക്കാർ മുദ്രയുടെ ചിത്രവും, ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന ബോർഡും സ്ഥാപിക്കേണ്ടതാണ്. പവിലിയൻ മോടി പിടിപ്പിക്കുന്നതിനായി തക്ക അലങ്കാരവും ഒരുക്കേണ്ടതാണ്.
6. സ്റ്റാളിന് യോജിക്കത്തക്ക രീതിയിൽ 3 ഡി മോഡലുകൾ ആവശ്യമായ ദീപസംവിധാനത്തോടെ ഒരുക്കേണ്ടതാണ്.
7. മുകളിൽ വിവരിച്ച പ്രകാരം പവലിയൻ ഭംഗിയോടുകൂടി നിർമ്മണം പൂർത്തിയാക്കാനുള്ള ഏറ്റവും കുറഞ്ഞ് നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
8. ഫാം ഇൻഫർമേഷൻ ബ്യൂറോ ടി പവലിയനിൽ ഉപയോഗിക്കുന്ന ലൈറ്റുകളുടെ വൈദ്യുതി ചാർജ് വാടക എന്നിവ കരാറുകാരൻ നൽകേണ്ടതാണ്.
9. കരാർ ലഭിക്കുന്ന ആൾ ജോലികൾ ആരംഭിക്കുന്നതിനുമുമ്പായി 200/- രൂപ പത്രത്തിൽ എഗ്രിമെന്റ് നൽകേണ്ടതാണ്.
10. 2019 നവംബർ 13-ാം തിയതി വൈകീട്ട് 5 മണിക്കുമുമ്പായി പണികൾ പൂർത്തിയാക്കി കൈമാറേണ്ടതാണ്. സമയ പരിധി കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.
11. കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും ന്യൂഡൽഹിയിലെത്തി പവിലിയൻ പണികൾ പൂർത്തിയാക്കേണ്ടതാണ്.
12. വ്യാപാരമേള അവസാനിക്കുന്ന 2019 നവംബർ 27 വരെ ഫാം ഇൻഫർമേഷൻ ബ്യൂറോ പവലിയന് ഏതെങ്കിലും കേടുപാടുകൾ ഉണ്ടായാൽ അത് തീർത്ത് നൽകു

ന്നതിനുള്ള ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും. എക്സിബിഷൻ കാലയളവിൽ സ്റ്റാളിന്റെ ക്ലീനിംഗ് സംബന്ധിച്ച ജോലികൾ കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ നിർവ്വഹിക്കേണ്ടതാണ്.

13. കാരണം കാണിക്കാതെ തന്നെ ദർഘാസുകൾ നിരസിക്കുന്നതിനും വ്യവസ്ഥയിൽ മാറ്റം വരുത്തുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. സാധാരണ സർക്കാർ ദർഘാസുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമാണ്.

15. സ്റ്റാൾ സംബന്ധിച്ച എല്ലാ ജോലികളും റെന്റ് അടിസ്ഥാനത്തിലായിരിക്കണം പൂർത്തിയാക്കേണ്ടത്.

16. സ്റ്റാൾ നിർമ്മാണം പൂർത്തിയായ ശേഷം ആയത് സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നതും കുറവുകളോ ന്യൂനതകളോ ഉണ്ടാകുന്ന പക്ഷം പേയ്മെന്റിൽ ആനുപാതികമായി കുറവുവരുത്തുന്നതുമായിരിക്കും.

17. സ്റ്റാളിൽ ഫ്ളവർ അറേഞ്ച്മെന്റ്, വിസിറ്റേഴ്സ് ഡയറി, വിസിറ്റിംഗ് കാർഡുകൾ വയ്ക്കുന്നതിനായുള്ള ബൗൾ എന്നിവ കരാറുകാരൻ സജ്ജമാക്കേണ്ടതാണ്. കൂടാതെ സ്റ്റാളുമായി ബന്ധപ്പെട്ട പെറ്റി എക്സ്പെൻസുകളും കരാറുകാരൻ നിർവ്വഹിക്കേണ്ടതാണ്.

18. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സ്റ്റാളിന്റെ ഒരു വീഡിയോ ചിത്രീകരണം നടത്തി (കേരള പവലിയന്റെ ഭാഗമായുള്ള രീതിയിൽ) ആയതിന്റെ സോഫ്റ്റ്കോപ്പി, ഹാർഡ് കോപ്പി എന്നിവ ലഭ്യമാക്കേണ്ടതാണ്.

19. ടു കവർ സിസ്റ്റം രീതിയിൽ സമർപ്പിച്ച ദർഘാസുകളിൽ ടെക്നിക്കൽ ബിഡിൽ താഴെ പറയുന്നവ നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്.

    എ) നിശ്ചിത സ്റ്റാളിന്റെ വിശദമായ 2 ഡി ഡ്രായിംഗും, ലേഔട്ടും

    ബി) കരാറുകാരന്റെ സാങ്കേതിക യോഗ്യതകൾ തെളയിക്കുന്ന രേഖകൾ

    സി) കാരറുകാരന്റെ മുൻപരിചയം തെളിയിക്കുന്ന രേഖകൾ.

    ഡി) E M D തുക അടച്ച Demand Draft (Original)

20. ഫിനാൻഷ്യൽ ബിഡ് ഉൾപ്പെടുന്ന കവറിൽ തുക രേഖപ്പെടുത്തിയ ടെൻഡർ ഫോം മാത്രം നിക്ഷേപിക്കേണ്ടതാണ്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയാണ് ഫിനാൻഷ്യൽ ബിഡിൽ രേഖപ്പെടുത്തേണ്ടത്.

21. കരാറുകാരൻ ടിയാന്റെ ബാങ്ക് അക്കൗണ്ട്, പാൻ കാർഡ്, GST വിവരങ്ങൾ പേയ്മെന്റ് ലഭിക്കുന്നതിനായി സമർപ്പിക്കേണ്ടതാണ്.

FARM INFORMATION BUREAU
P.O. THIRUVANANTHAPURAM-695 003.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

# കേരള സർക്കാർ
# കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
## ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

*"ഭാരത അന്താരാഷ്ട്ര വ്യാപാര മേള 2019"- സ്റ്റാൾ തയ്യാറാക്കുന്നതിനുള്ള ദർഘാസ് പരസ്യം*

J.2114/19 തീയതി: 09/10/2019

| | |
|---|---|
| അടങ്കൽ തുക (എല്ലാ നികുതികളും ഉൾപ്പെടെ): | 300000/- രൂപ |
| ദർഘാസ് ഫോറത്തിലെ വില (അസ്സൽ) | : 600/- രൂപ + ജി എസ് റ്റി. (12%) |
| ദർഘാസ് ഫോറം (ഡ്യൂപ്ലിക്കേറ്റ്) വില | : 300/- രൂപ + ജി എസ് റ്റി. (12%) |
| നിരത ദ്രവ്യം | : 2.5% (Rs. 7500/-) |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തീയതിയും സമയവും | : 26.10.2019, ഉച്ചയ്ക്ക് 12 മണി വരെ |
| ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : 26.10.2019, വൈകുന്നേരം 5 മണി വരെ |

ദർഘാസ് (ടെക്നിക്കൽ) തുറക്കുന്ന തീയതിയും സമയവും : 28.10.2019, രാവിലെ 11 മണി
ദർഘാസ് (ഫിനാൻഷ്യൽ) തുറക്കുന്ന തീയതിയും സമയവും: 28.10.2019, രാവിലെ 11.30 മണി

09.10.2019

FARM INFORMATION BUREAU THIRUVANANTHAPURAM-695 003

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

**Principal Information Officer**
**Farm Information Bureau**
**Kowdiar, Thiruvananthapuram-695 003**

സ്വീകർത്താവ്

1) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
2) സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം,
3) ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
4) ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
5) ഫാം ഇൻഫർമേഷൻ ബ്യൂറോ, വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
6) സ്റ്റോക്ക് ഫയൽ